# മഹാത്മാഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഡിസംബർ 2

# വാർത്താക്കുറിപ്പ്

## സ്പെഷ്യൽ പരീക്ഷ

2021 ജൂലൈ 13-ന് നടന്ന നാലാം സെമസ്റ്റർ എം.എ./എം.എ.ജെ.എം.സി/എം.എസ്.ഡബ്ല്യു./ എം.എം.എച്ച്./ എം.റ്റി.എ. & എം.റ്റി.റ്റി.എം./എം.എസ്.സി./ എം.കോം സി.എസ്.എസ്. - 2019 അഡ്മിഷൻ റെഗുലർ (അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് മാത്രം) പരീക്ഷകൾക്ക് കോവിഡ് രോഗബാധ മൂലമോ അനുബന്ധമായുള്ള മറ്റ് നിയന്ത്രണങ്ങൾ മൂലമോ എഴുതാൻ കഴിയാതിരുന്നവർക്കുള്ള കോവിഡ് സ്പെഷ്യൽ പരീക്ഷ ഡിസംബർ 13 -ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1476/2021)

## പരീക്ഷാ ഫലം

2021 ഫെബ്രുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ്വർക്ക് ടോക് നോളജി (2019 അഡ്മിഷൻ - പി.ജി.സി.എസ്.എസ്. റെഗുലർ, 2018 അഡ്മിഷൻ - സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1477/2021)

## ഭിന്നശേഷി ദിനാചരണം ഇന്ന് (ഡിസംബർ മൂന്ന്)

മഹാത്മാഗാന്ധി സർവ്വകലാശാല - സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ഭിന്ന ശേഷി ദിനാചരണ പരിപാടികൾ ഇന്ന് (ഡിസംബർ മൂന്ന്) രാവിലെ 9.30 -ന് പ്രോ - വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.

സ്കൂൾ ഓഫ് ബഹേവിയറൽ സയൻസസ് സെമിനാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ ബിഹേവിയറൽ സയൻസസ് വകുപ്പ് മേധാവി ഡോ. പി.ടി. ബാബുരാജ് അധ്യക്ഷനായിരിക്കും. മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് അംഗവും ഡീനുമായ ഡോ. പി.എസ്. സുകുമാരൻ മുഖ്യ പ്രഭാഷണം നടത്തും. സ്പെഷ്യൽ ഒളിമ്പിക് കമ്മിറ്റി സെക്രട്ടറിയും പ്രോഗ്രാം മാനേജരുമായ സിസ്റ്റർ റാണി ജോ അഥിതി പ്രഭാഷണം നടത്തും. കോട്ടയം മെഡിക്കൽ കോളേജ് ന്യൂറോ സർജറി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. വിനു വി. ഗോപാൽ നട്ടെല്ലിന്റെ പരിക്കും പിനരധിവാസവും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും. മോട്ടിവേഷണൽ പ്രഭാഷക ഡോ. ഫാത്തിമ ആസിയ സംസാരിക്കും. തുടർന്ന് ഡോക്യുമെന്ററി അവതരണവും കലാപരിപാടികളും നടക്കും.

(പി.ആർ.ഒ/39/1478/2021)

## ഉപന്യാസ മത്സര വിജയികൾ

മഹാത്മാഗാന്ധി സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേർണിംഗ് ഡിസെബിലിറ്റി (ഐ.ആർ.എൽ.ഡി.) -യുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ഭിന്ന ശേഷി ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിൽ അഞ്ജന ടി.കെ. (സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്) ഒന്നാം സ്ഥാനവും ബ്ലസിൻ ടി.കെ., ടോണി ടി. അഗസ്റ്റിൻ (സെന്റ് തോമസ് കോളേജ്, പാലാ) എന്നിവർ രണ്ടാം സ്ഥാനവും നേടി. ആതിര എസ്. നായർക്കാണ് (കെ.ജി. കോളേജ്, പാമ്പാടി) മൂന്നാം സ്ഥാനം. അമൃത ഇ.കെ., ഷമീം, അന്ന ഡോമിനിക്, ഫഹിംദ ഹെന്ന എന്നിവർ പ്രോത്സാഹന സമ്മാനങ്ങൾക്കും അർഹരായി. സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിവിധ ഡിപ്പാർട്ട്മെന്റുകളിലെയും കോളേജുകളിലേയും വിദ്യാർത്ഥിക്കുവേണ്ടി 'ആധുനിക സമൂഹത്തിൽ ഭിന്നശേഷി വിഭാഗങ്ങളുടെ നേതൃത്വവും പങ്കാളിത്തവും' എന്ന വിഷയത്തെക്കുറിച്ചായിരുന്നു ഉപന്യാസ രചനാ മത്സരം സംഘടിപ്പിച്ചത്.

(പി.ആർ.ഒ/39/1479/2021)

# പി.ജി., ബി.എഡ്. പ്രവേശനം : രജിസ്ട്രേഷൻ ഇന്ന് (ഡിസംബർ മൂന്ന്) മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന ബി.എഡ്, ബിരുദാനന്തര - ബിരുദ പ്രോഗ്രാമുകളിലെ രണ്ടാം സപ്ലിമെന്ററി അലോട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റിലേയ്ക്ക് ഇന്ന് (ഡിസംബർ മൂന്ന്) മുതൽ ഡിസംബർ ഏഴ് വരെ ഓൺലൈനായി രജിസ്ട്രേഷൻ / ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും കോളേജുകൾക്ക് ഡിസംബർ 14 വരെ സംവരണം-മെറിറ്റ് തത്വങ്ങൾ പാലിച്ചുകൊണ്ട് പ്രവേശനം നടത്താം. ഇതിനുശേഷം ഒഴിവു വരുന്ന സീറ്റുകളിലേയ്ക്ക് ഡിസംബർ 15 മുതൽ 18 വരെ ഓൺലൈനായി രജിസ്ട്രേഷൻ /ഓപ്ഷൻ രജിസ്ട്രേഷൻ നടത്താവുന്നതും തുടർന്ന് പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൻ്റെ അടിസ്ഥാനത്തിൽ കോളേജുകൾക്ക് ഡിസംബർ 24 വരെ സംവരണ - മെറിറ്റ് തത്വങ്ങൾ പാലിച്ചുകൊണ്ട് പ്രവേശനം നടത്താവുന്നതുമാണ്. ഡിസംബർ 24 -ന് പ്രവേശന നടപടികൾ പൂർത്തീകരിക്കാനാണ് സർവ്വകലാശാല കോളജുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

(പി.ആർ.ഒ/39/1480/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ